ഭൂവിഭവ സംരക്ഷണ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സ്ക്കൂൾ വിദ്യാർത്ഥികൾക്കായി ചിത്രരചനാ മൽസരം സംഘടിപ്പിക്കുന്നു. **2018 നവംബർ 3-ാം തീയതി (ശനിയാഴ്ച)** എറണാകുളം മറൈൻ ഡ്രൈവിൽ സുബാഷ് പാർക്കിൽ വച്ച് നടത്തുന്ന മത്സരം LP/UP/HS വിഭാഗങ്ങൾക്കായി പ്രത്യേകം പ്രത്യേകം സംഘടിപ്പിക്കുന്നതാണ്. മൽസരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 03/11/2018-ന് രാവിലെ 9.00 ന് മറൈൻ ഡ്രൈവിൽ എത്തിച്ചേരേണ്ടതാണ്. മൽസരാർത്ഥികൾ സ്കൂൾ തിരിച്ചറിയൽ കാർഡും, ചിത്രരചനയ്ക്കാവശ്യമായ സാമഗ്രികളും കൊണ്ടുവരേണ്ടതാണ്. വരയ്ക്കുന്നതിനാവശ്യമായ ഡ്രോയിംഗ് പേപ്പർ രജിസ്ട്രേഷനുശേഷം നൽകുന്നതാണ്. LP വിഭാഗത്തിന് ക്രയോൺ, UP, HS വിഭാഗങ്ങൾക്ക് വാട്ടർ കളർ എന്നിവയാണ് ചിത്രരചനയ്ക്കായി ഉപയോഗിക്കേണ്ട സാമഗ്രികൾ. മൽസരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സ്ക്കൂൾ അധികൃതർ മുഖേനയോ ഫോണിലൂടെയോ നേരിട്ടോ മുൻകൂട്ടിയും ബന്ധപ്പെടാവുന്നതാണ്. **വിലാസം:- ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, വികാസ്ഭവൻ, തിരുവനന്തപുരം-695033, ഫോൺ:-0471-2302231, 2307830.** വിശദവിവരങ്ങൾ സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-മെയിൽ : landuseboard@yahoo.com

വെബ് സൈറ്റ് : www.kslub.kerala.gov.in

ഭൂവിനിയോഗ കമ്മീഷണർ

**കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്**

**03.11.2018 ശനിയാഴ്ച എറണാകുളം മറൈൻ ഡ്രൈവിൽ സുബാഷ് പാർക്കിൽ വെച്ച് സ്കൂൾ കുട്ടികൾക്കായി നടത്തുന്ന ചിത്രരചനാ മത്സരത്തിന്റെ നിയമാവലി.**

- കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഭൂവിഭവ സംരക്ഷണ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ 1 മുതൽ 10-ാം സ്റ്റാൻഡേർഡ് വരെയുള്ള കുട്ടികൾക്കായി 3 വിഭാഗങ്ങളിലായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്.
- LP (ക്ലാസ് I to IV), UP (ക്ലാസ് V to VII), HS (ക്ലാസ് VIII to X) എന്നീ മൂന്ന് വിഭാഗങ്ങളിലായി പ്രത്യേകം പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
- 03.11.2018 ശനിയാഴ്ച എറണാകുളം മറൈൻ ഡ്രൈവിൽ വെച്ചാണ് മത്സരങ്ങൾ നടക്കുന്നത്.
- LP വിഭാഗത്തിന് ക്രയോൺ, UP,HS വിഭാഗങ്ങൾക്ക് വാട്ടർ കളർ എന്നിവയാണ് ചിത്രരചനയ്ക്കായി ഉപയോഗിക്കേണ്ട സാമഗ്രികൾ.
- മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ് (സ്പോട്ട് രജിസ്ട്രേഷനും ഉണ്ടായിരിക്കുന്നതാണ്).
- മത്സര ദിവസം രാവിലെ 8.30 നും 9.30 നും ഇടയിലായി മത്സരാർത്ഥികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- മത്സരത്തിനാവശ്യമായ സാധന സാമഗ്രികൾ (ക്രയോൺ, ബ്രഷ്, വാട്ടർ കളർ മുതലായവ) മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
- വരയ്ക്കുന്നതിനാവശ്യമായ ഡ്രോയിംഗ് ഷീറ്റ് സംഘാടകർ നൽകുന്നതാണ്.
- മത്സരത്തിന് ഉണ്ടായേക്കാവുന്ന മാറ്റങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളവരെ ഇ-മെയിൽ/ഫോൺ/KSLUB വെബ്സൈറ്റ് എന്നിവ മുഖാന്തിരം അറിയിക്കുന്നതാണ്.
- മത്സരാർത്ഥികൾക്കുള്ള ലഘുഭക്ഷണം മത്സര വേദിയിൽ നൽകുന്നതാണ്.
- മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പങ്കെടുത്തതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.
- ഓരോ വിഭാഗത്തിലേയും ഏറ്റവും നല്ല മികച്ച ചിത്രങ്ങൾക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും.
- മത്സരത്തിന്റെ സംഘാടനവും ഫലപ്രഖ്യാപനവും സംബന്ധിച്ച കാര്യങ്ങളിൽ ഭൂവിനിയോഗ കമ്മീഷണറുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

ഭൂവിനിയോഗ കമ്മീഷണർ